**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 261** **08-10-2025 - ൽ മറുപടിയ്ക്ക്**

# റവന്യൂ ഓഫീസുകളിലെ ഇ-ഓഫീസ് സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റവന്യൂ ഓഫീസുകളിലെ ഇ-ഓഫീസ് സംവിധാനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ റവന്യൂ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം 14 ജില്ലകളെ 14 ഇൻസ്റ്റൻസുകളിലായും ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, ലാൻഡ് ബോർഡ്, സർവ്വെ ഡയറക്ടറേറ്റ് തുടങ്ങിയ ഓഫീസുകൾ ഇ-റവന്യൂ എന്ന ഇൻസ്റ്റൻസിലൂടെയും നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലേയും ഓഫീസിൽ ടി സംവിധാനം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എല്ലാ മാസവും യോഗം ചേരുകയും പുരോഗതി റിപ്പോർട്ട് അവലോകനം ചെയ്യുകയും ചെയ്തുവരുന്നു. വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം പൂർണ്ണതോതിൽ ഉപയോഗിക്കുന്നതിന് വേണ്ട കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | റവന്യൂ കോൾ സെന്റർ, ഇൻഫർമേഷൻ ബ്യൂറോ, യൂ ട്യൂബ് ചാനൽ തുടങ്ങിയ സംവിധാനങ്ങൾ പൊതുജന പരാതികൾ പരിഹരിക്കുന്നതിൽ എത്രത്തോളം കാര്യക്ഷമമാണെന്ന് അറിയിക്കാമോ; | (ബി) | **പൊതുജന പരാതികൾ പരിഹരിക്കുന്നതിൽ റവന്യൂ കോൾ സെന്റർ, ഇൻഫർമേഷൻ ബ്യൂറോ, യു ട്യൂബ് ചാനൽ തുടങ്ങിയ സംവിധാനങ്ങളുടെ കാര്യക്ഷമത സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:**<br><br>**റവന്യൂ കാൾ സെന്റർ**<br>തിരുവനന്തപുരം ജില്ലയിൽ പട്ടം ഐടി മിഷൻ ആസ്ഥാനമായി 2021 നവംബർ ഒന്നാം തീയതിയാണ് റവന്യൂ കാൾ സെൻററർ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളെക്കുറിച്ചും സംസ്ഥാനത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും പൊതുജനങ്ങളുടെ ഫോൺകോളുകൾ ലഭിക്കാറുള്ളതും അവർ അറിയിക്കുന്ന പരാതികൾക്കും സംശയങ്ങൾക്കും ഐഎൽഡിഎം ഫാക്കൽറ്റി, റവന്യൂ രേഖകൾ എന്നിവയുടെ കൂടി സഹായത്തോടെ |

| | | | |
|---|---|---|---|
| | | | ആധികാരികമായി പൊതുജനങ്ങൾക്ക് മറുപടികൾ നൽകി വരുന്നതും ആണ്.<br><br>കൂടാതെ ചില റവന്യൂ ഓഫീസുകളിൽ ദീർഘകാലമായി കുടുങ്ങിക്കിടക്കുന്ന പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട മേലധികാരികളെ വിളിച്ച് പരിഹാരം ആവശ്യമുള്ള വ്യക്തിയെക്കൂടി ഉൾപ്പെടുത്തി കോൺഫറൻസ് സംവിധാനത്തിലൂടെ കണക്ട് ചെയ്ത് അടിയന്തര നിയമാനുസൃത നടപടികൾ കോൾ സെന്റർ മുഖേന സ്വീകരിച്ചു വരുന്നു. മാത്രമല്ല പൊതുജനങ്ങളുടെ പരിഹരിക്കപ്പെടാതെയുള്ള വിഷയങ്ങൾ കോൾ സെന്റർ മുഖേന രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട മേലധികാരികൾക്ക് അയച്ചുകൊടുത്ത് ടി പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം തേടാറുള്ളതുമാണ്.<br><br>**റവന്യൂ ഇൻഫർമേഷൻ ബ്യൂറോ യൂട്യൂബ് ചാനൽ**<br><br>റവന്യൂ വകുപ്പിലെ പദ്ധതികളും, പരിപാടികളും, വകുപ്പ് നടപ്പിലാക്കി വരുന്ന ജനക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള അറിയിപ്പുകളും ജനങ്ങൾക്കും, ജീവനക്കാർക്കും ലഭ്യമാക്കുന്ന വിധത്തിൽ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്ന ജോലിയാണ് റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ചെയ്തുവരുന്നത്. റവന്യൂ ഇൻഫർമേഷൻ ബ്യൂറോയുടെ യൂട്യൂബ് ചാനൽ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചു വരുന്ന ഓൺലൈൻ പ്ലാറ്റ്ഫോം ആണ്. ആയവ പൊതുജനങ്ങളുടെ സംശയദൂരീകരണത്തിനും പരാതി പരിഹാരത്തിനും വളരെ ഉപകാരപ്രദമായ രീതിയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |
| (സി) | മൊബൈൽ ആപ്പ്, ഡിജിറ്റൽ റവന്യൂ കാർഡ്, ഓൺലൈൻ മ്യൂട്ടേഷൻ സംവിധാനം എന്നിവ സംസ്ഥാനമൊട്ടാകെ നടപ്പാക്കിയതിന്റെ പുരോഗതി വിശദമാക്കാമോ; | (സി) | മൊബൈൽ ആപ്പ്, ഓൺലൈൻ മ്യൂട്ടേഷൻ സംവിധാനം, ഡിജിറ്റൽ റവന്യൂ കാർഡ് എന്നിവ സംസ്ഥാനമൊട്ടാകെ നടപ്പാക്കിയതിന്റെ/ നടപ്പിലാക്കുന്നതിന്റെ പുരോഗതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:<br><br>**മൊബൈൽ ആപ്പ്**<br><br>ലാൻഡ് റവന്യൂ വകുപ്പിൽ റവന്യൂ ഇ-സർവ്വീസസ് എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ നിലവിൽ ഉപയോഗിച്ചുവരുന്നുണ്ട്. ലാൻഡ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നികുതികൾ, ഫീസുകൾ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിനും ഭൂവിവരങ്ങൾ, ഭൂരേഖകളുടെ നാളതീകരണം |

| | | | |
|---|---|---|---|
| | | | എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകൾ ഓൺലൈൻ ആയി നൽകുന്നതിനുമായി ഉപയോഗിക്കുന്ന റവന്യൂ ഇ-സർവ്വീസസ് സിറ്റിസൺ പോർട്ടലിന്റെ മൊബൈൽ വേർഷനാണ് റവന്യൂ ഇ - സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ. ടി ആപ്പിന്റെ പരിഷ്കരിച്ച പതിപ്പ് NIC തയ്യാറാക്കിയിട്ടുള്ളതും, ആയതിന്റെ ബീറ്റാ വേർഷൻ User Acceptance Test ന് ലഭ്യമാക്കിയിട്ടുള്ളതും ആയത് പൂർത്തിയാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതുമാണ്.<br><br>**ഓൺലൈൻ മ്യൂട്ടേഷൻ (സംയോജിത ഓൺ ലൈൻ പോക്കുവരവ്)**<br><br>ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനമൊട്ടാകെ ടി ഓൺലൈൻ മ്യൂട്ടേഷൻ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**ഡിജിറ്റൽ റവന്യൂ കാർഡ്** എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ റവന്യൂ സർവ്വെ വകുപ്പുകളിലെ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള തത്ത്വത്തിലുള്ള അനുമതി സർക്കാർ നൽകുകയുണ്ടായി. ആയതിൻ പ്രകാരം എംപാനൽഡ് ഏജൻസി ആയ കെൽട്രോണിന് വർക്ക് ഓർഡർ നൽകുകയും അതിൻമേൽ ഡ്രാഫ്റ്റ് എഗ്രിമെന്റ് ലഭ്യമാക്കിയിട്ടുള്ളതുമാണ്. |
| (ഡി) | റവന്യൂ വകുപ്പിൽ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്ത സേവനങ്ങൾ ഏതൊക്കെ എന്ന് വിശദമാക്കാമോ; 2026-ഓടെ എല്ലാ സേവനങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | റവന്യൂ വകുപ്പിൽ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്ത സേവനങ്ങൾ താഴെ വിവരിക്കുന്നവയാണ്.<br><br>1. തണ്ടപ്പേർ ആധാർ ലിങ്കിംഗ്<br><br>2. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ<br><br>3. ലൊക്കേഷൻ മാപ്പ് ഓൺലൈൻ<br><br>4. FMB ഓൺലൈൻ<br><br>5. വില്ലേജ് വെബ്സൈറ്റ്<br><br>6. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം |

7. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ

8. ഭൂമി തരം മാറ്റം ഓൺലൈൻ

9. ക്യാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ (Social Security Pension Module)

10. എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ

11. പ്രവാസി മിത്രം

12. റിലീഫ് (സമഗ്ര ദുരിത മാനേജ്മെൻറ് സംവിധാനം)

13. പരാതി പോർട്ടൽ

14. അലർട്ട് പോർട്ടൽ

15. VOMIS (Village Office Management Information System)

16. സർപ്രൈസ് ഇൻസ്പെക്ഷൻ മൊഡ്യൂൾ

17. ഓൺലൈൻ ട്രാൻസ്ഫർ - ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്റ് സിസ്റ്റം (എച്ച്ആർഎംഎസ്)

18. അസറ്റ് മാനേജ്മെന്റ് സിസ്റ്റം

19. Grievances and Innovations മൊഡ്യൂൾ

20. വയൽ മൊഡ്യൂൾ

21. സിംഗിൾ സൈൻ-ഓൺ സിസ്റ്റം

22. ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റം (LAMS)

23. വനഭൂമി വിവരശേഖരണം

24. സ്യൂട്ട് മോണിറ്ററിംഗ് സിസ്റ്റം (https://suit.revenue.kerala.gov.in)

25. റവന്യൂ ഇൻസ്പെക്ഷൻ മാനേജ്മെന്റ് സിസ്റ്റം (https://rims.kerala.gov.in)

26. Suveedhi (https://dmdsdrf.cdit.project.org)

27. ന്യൂ ജനറേഷൻ e-Pos Machine

28. ഇ-ഡിസ്ട്രിക്ട്

29. ഇലക്ട്രോണിക് മോർട്ട്ഗേജ് റെക്കോർഡർ

30. ആർ.ആർ ഓൺലൈൻ

31. സംയോജിത ഓൺലൈൻ പോക്കുവരവ്

32. റവന്യൂ ഇ-പേയ്മെന്റ്

33. ആർ.ആർ ഡിജിറ്റൽ പേയ്മെന്റ്

34. റവന്യൂ വകുപ്പിൽ www.revenue.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന നൽകി വരുന്ന സേവനങ്ങൾ

35. Any Land Search

36. KBT Appeal

37. Business User Login using PAN

മേൽപ്പരാമർശിച്ചിട്ടുള്ള സേവനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

2026-ഓടെ എല്ലാ സേവനങ്ങളും ഡിജിറ്റൈസ് ചെയ്യുക എന്ന ലക്ഷ്യത്തോടെ ചുവടെപ്പറയുന്ന മൊഡ്യൂളുകൾ തയ്യാറാക്കി വരികയാണ്.

a) പട്ടയം മൊഡ്യൂൾ

(b) ലീസ് മൊഡ്യൂൾ

(c) നിജസ്ഥിതി സർട്ടിഫിക്കറ്റ്

(d) സീലിംഗ് മൊഡ്യൂൾ

പട്ടയം മൊഡ്യൂൾ, ലീസ് മൊഡ്യൂൾ, നിജസ്ഥിതി സർട്ടിഫിക്കറ്റ്, സീലിംഗ് മൊഡ്യൂൾ എന്നിവ തയ്യാറാക്കുന്നതിന് NIC യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, ആയതിന് NIC നൽകിയ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ചു വരികയുമാണ്. കൂടാതെ, റെലിസ് 2.0 റവന്യൂ വകുപ്പിലെ ഭൂമികളുടെ ഡാറ്റ ലഭ്യമായിട്ടുള്ള www.revenue.kerala.gov.in (റെലിസ്) ന്റെ പരിഷ്കരിച്ച പതിപ്പ് തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസൽ NIC ലഭ്യമാക്കിയിട്ടുള്ളതും ആയതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്. ഇപ്രകാരം 2026 ഓടു കൂടി റവന്യൂ വകുപ്പിന്റെ എല്ലാ സേവനങ്ങളും ഘട്ടം ഘട്ടം മായി ഡിജിറ്റൈസ് ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(e) ഡിജിറ്റൽ റവന്യൂ കാർഡ് : എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിൻറെ ഭാഗമായി

| | | | |
|---|---|---|---|
| | | | എല്ലാ ഭൂമിക്കും സ്മാർട്ട് ആയ ഡിജിറ്റൽ റവന്യൂ കാർഡ് എന്ന സമഗ്രമായ തിരിച്ചറിയൽ സംവിധാനം ആണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇത് നടപ്പിലാക്കുന്നതിലേക്കായി നടപ്പ് സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ ലാൻഡ് പാർസലിനും എൽ.ജി.ഡി. കോഡ്, സർവ്വേ നമ്പർ, ബ്ലോക്ക് നമ്പർ, സബ് ഡിവിഷൻ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു തനത് ലാൻഡ് പാർസൽ ഐ.ഡി. നൽകുകയും, ഇപ്രകാരമുള്ള ലാൻഡ് പാർസൽ ഐ ഡി ഉപയോഗപ്പെടുത്തി 10 ഡിജിറ്റ് വരുന്ന വിധത്തിൽ പ്രസ്തുത ഭൂമിയുടെ വിശദാംശങ്ങളടങ്ങുന്നതും സ്കാൻ ചെയ്താൽ വിവരങ്ങൾ ലഭ്യമാകത്തക്ക വിധത്തിൽ ഉള്ള ഡൈനാമിക് QR കോഡ് കൂടി ഉൾപ്പെടുന്ന ഒരു ഡിജിറ്റൽ റവന്യൂ കാർഡ് തയ്യാറാക്കുവാനാണ് ഉദ്ദേശ്ശിക്കുന്നത്.<br><br>(f) Revenue e Court: ലാൻഡ് റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന വിവിധ നിയമങ്ങളുമായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതികൾ, മെയിന്റനൻസ് ട്രൈബ്യൂണലുകൾ, ലാൻഡ് ട്രൈബ്യൂണലുകൾ, അപ്പലേറ്റ് അതോറിറ്റികൾ തുടങ്ങി വിവിധങ്ങളായ റവന്യൂ കോടതികളുടെ സമ്പൂർണ്ണ ഓട്ടോമേഷൻ ലക്ഷ്യമിട്ടുള്ള പദ്ധതിയും നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

## <u>റവന്യൂ വകുപ്പിൽ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്ത സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ</u>

1. തണ്ടപ്പേർ ആധാർ ലിങ്കിംഗ്:

സംസ്ഥാനത്തെ എല്ലാ ഭൂവുടമകൾക്കും ആധാർ അധിഷ്ഠിത യൂണിക്ക് തണ്ടപ്പേർ നടപ്പിലാക്കുന്നതിനായി Revenue Land Information System (ReLIS) സോഫ്റ്റ് വെയറിൽ ഭൂവുടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിന് 12/02/2020 ലെ സ. ഉ (സാധാ) നം. 552/2020/റവ നമ്പർ പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം ആധാറുമായി തണ്ടപ്പേർ ബന്ധിപ്പിക്കുന്നതു വഴി ഒരാൾക്ക് സംസ്ഥാനത്ത് എവിടെയെല്ലാം ഭൂമിയുണ്ടെങ്കിലും അതെല്ലാം ഒറ്റ തണ്ടപ്പേരിലാകും. ഭൂമി സംബന്ധമായ വിവരങ്ങൾ ഭൂവുടമയുടെ സമ്മതത്തോടെ തന്നെ ആധാർ നമ്പറുമായി ബന്ധിപ്പിച്ചുകൊണ്ട് സർക്കാരിനും പൊതുജനങ്ങൾക്കും പ്രയോജനകരമാവുംവിധം ഭൂമി സംബന്ധമായ സേവനങ്ങൾ സുഗമവും സുതാര്യവുമായി ലഭ്യമാക്കുന്നതിനാണ് ആധാർ അധിഷ്ഠിത യൂണിക്ക് തണ്ടപ്പേർ സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നത്.

യൂണിക്ക് തണ്ടപ്പേർ സംവിധാനത്തിനായി ആധാർ ഉപയോഗിക്കുന്നതിനുള്ള അനുമതിയ്ക്കായി കേരളാ സർക്കാരിന് വേണ്ടി ലാൻഡ് റവന്യൂ കമ്മീഷണർ 2021 ജൂലൈ മാസം കേന്ദ്ര ഗവൺമെന്റിന് പ്രപ്പോസൽ സമർപ്പിക്കുകയും 23/08/2021 ൽ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ 09/12/2021ലെ GO(P) No. 204/2021/RD നമ്പർ ഉത്തരവ് പ്രകാരം കേരളത്തിൽ യൂണിക്ക് തണ്ടപ്പേർ സംവിധാനം നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്. റവന്യൂ വകുപ്പിൻറെ ReLIS എന്ന സോഫ്റ്റ് വെയറിൽ യൂണിക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള Module വികസിപ്പിച്ചിട്ടുള്ളതും എല്ലാ വില്ലേജാഫീസുകളിലും ശേഖരിക്കുന്നതിനുള്ള ബയോമെട്രിക് ഡിവൈസ് ബയോമെട്രിക് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈകൊണ്ട് വരുന്നതുമാണ്.

ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈലിലൂടെ ലഭ്യമാകുന്ന OTP ഉപയോഗിച്ച് ഓൺലൈനായോ വില്ലേജ് ഓഫീസിൽ നേരിട്ട് എത്തി OTP മുഖാന്തിരമോ ബയോമെട്രിക് സംവിധാനത്തിൽ വിരലടയാളം പതിപ്പിച്ചോ പൊതുജനത്തിന് തണ്ടപ്പേരിനെ ആധാറുമായി ബന്ധിപ്പിക്കാവുന്നതാണ്. ബന്ധപ്പെട്ട വില്ലേജാഫീസർ അത് പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് യൂണിക്ക് തണ്ടപ്പേർ നമ്പർ ലഭിക്കുന്നതും ഭൂമിയുടെ വിവരങ്ങൾ ഈ നമ്പരിൽ ബന്ധിപ്പിക്കുന്നതുമാണ്. യൂണിക് തണ്ടപ്പേർ നമ്പർ പ്രാബല്യത്തിലാക്കുന്നതിലൂടെ താഴെ പറയുന്ന പ്രയോജനങ്ങൾ ലഭിക്കുന്നതാണ്.

- സംസ്ഥാനത്തെ ഏതൊരു വ്യക്തിയുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒരു നമ്പറിനാൽ രേഖപ്പെടുത്തുന്നു. ഒരു ഭൂവുടമയ്ക്ക് സംസ്ഥാനത്തെ ഏത് വില്ലേജിലുമുള്ള ഭൂമിയുടെയും വിവരങ്ങൾ ഒറ്റ തണ്ടപ്പേർ നമ്പരിൽ ലഭ്യമാകും.
- പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വെയ്ക്കുന്നത് തിരിച്ചറിയുന്നതിനും മിച്ചഭൂമി കണ്ടെത്തി ഏറ്റെടുത്തതിന് ശേഷം ഭൂരഹിതർക്ക് നിയമാനുസൃതം പതിച്ച നൽകുന്നതിനും സാധിക്കും.

- ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും സുരക്ഷിതമാക്കുന്നതിനും സാധിക്കും.
- ഭൂ സംബന്ധമായ ഇടപാടുകൾ സുതാര്യമാക്കുന്നതിനും ക്രയവിക്രയങ്ങൾ കൂടുതൽ സുഗമമാക്കുന്നതിനും സാധിക്കും.
- ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും ബിനാമി ഇടപാടുകൾ നിയന്ത്രിക്കുന്നതിനും സാധിക്കും.
- വസ്തു വിവരം മറച്ച് വെച്ച് ആനുകൂല്യങ്ങൾ നേടാനാവില്ല.
- വിള ഇൻഷുറൻസിനും മറ്റ് കാർഷിക സബ്സിഡികൾക്കും പ്രയോജനം ചെയ്യും.
- റവന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമാക്കുവാൻ സാധിക്കും.
- ഗുണഭോക്താക്കൾക്ക് മികച്ച ഓൺലൈൻ സേവനം പ്രദാനം ചെയ്യാൻ സാധിക്കും.
- ഭൂമിയുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ വേഗത്തിലാക്കുവാൻ സാധിക്കും.
- ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങളും നികുതി രസീതും ഡിജിലോക്കറിൽ സൂക്ഷിക്കാൻ സാധിക്കും. ആധാർ നമ്പർ ഇല്ലാത്ത ഭൂ ഉടമകൾക്ക് നിലവിൽ ലഭ്യമായിട്ടുള്ള തണ്ടപ്പേർ അക്കൗണ്ട് തുടരുകയും ആധാർ നമ്പർ ലഭ്യമാകുന്ന മുറയ്ക്ക് തണ്ടപ്പേർ അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

2. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ :

വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

3. ലൊക്കേഷൻ മാപ്പ് ഓൺലൈൻ :

വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ RELIS മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

4. FMB ഓൺലൈൻ:

ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കുവാൻ കഴിയുന്ന മൊഡ്യൂൾ.

5. വില്ലേജ് വെബ് സൈറ്റ്:

സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകള് തയ്യാറാക്കിയിട്ടുണ്ട്. https://village.kerala.gov.in എന്ന വെബ്പോർട്ടൽ മുഖാന്തിരം സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകളുടെയും വെബ് സൈറ്റുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്.

6. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെൻ്ററ് സിസ്റ്റം:

കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം റവന്യൂ വകുപ്പ് മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതി, അധിക നികുതി (formerly luxury tax) എന്നിവ സർക്കാർ വരുമാനത്തിൻറെ ഗണ്യമായ ഭാഗമാണ്. റവന്യൂ വകുപ്പിൽ കെട്ടിട നികുതി, അധിക നികുതി എന്നിവ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള വെബ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളതും പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതുമാണ്.

7. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ:

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച മാർഗനിർദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് കോവിഡ്-19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ നഷ്ടപരിഹാരത്തിനായി അപേക്ഷ ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും എക്സ്ഗ്രേഷ്യ സഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം.

8. ഭൂമി തരം മാറ്റം ഓൺലൈൻ:

2018-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം ഭൂമിയുടെ തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് ആവശ്യമായ നടപടികൾ ഓൺലൈനായി തന്നെ കൈകൊള്ളുന്നതിനുള്ള സംവിധാനം തയ്യാറാക്കിയിട്ടുള്ളതും 10/01/2022 മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുള്ളതുമാണ്. ഈ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ഓൺലൈനായി തന്നെ താലൂക്ക്, വില്ലേജ്, കൃഷി ഓഫിസുകളിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

9. ക്യാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ :

നിലവിൽ റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന അഗതികളായ ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗം ബാധിച്ചവർക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ-ഗവർണൻസ് പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും, പുതുക്കുന്നതിനും അപേക്ഷ വില്ലേജ്, താലൂക്ക് എന്നിവിടങ്ങളിൽ പ്രോസസ്സ് ചെയ്ത് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി അപേക്ഷകന്റെ അക്കൌണ്ടിലേക്ക് ഡി.ബി.റ്റി ആയി പെൻഷൻ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

10. എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ:

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് നേരിട്ട് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം.

11. പ്രവാസി മിത്രം:

പ്രവാസികൾക്ക് റവന്യൂ സർവ്വേ വകുപ്പിലേക്ക് നൽകിയിട്ടുള്ള പരാതിയിന്മേൽ നടപടി സ്വീകരിക്കാത്തതിനാൽ 1 സ്വീകരിച്ച നടപടിയിൽ തൃപ്തിയില്ലെങ്കിൽ അതുമായി ബന്ധപ്പെട്ടുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനം.

12. റിലീഫ് (സമഗ്ര ദുരിത മാനേജ്മെൻറ് സംവിധാനം) :

ദുരന്തബാധിതരായ ജനങ്ങൾക്ക് അടിയന്തിര ധനസഹായം ലഭ്യമാക്കുന്നതിനുള്ള Relief Web Portal ഉം നാശനഷ്ടങ്ങളുടെ വിവര ശേഖരണത്തിനായുള്ള മൊബൈൽ ആപ്ലിക്കേഷനും ഇതോടൊപ്പം സംയോജിപ്പിച്ച് വിജയകരമായി നടപ്പിലാക്കി വരുന്നു. ടി വെബ് പോർട്ടൽ ട്രഷറി വകുപ്പിൻറെ BIMS സംവിധാനവുമായി ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് തെറ്റുകൾ കൂടാതെ സമയബന്ധിതമായി ധനസഹായം ദുരിതബാധിതർക്ക് വിതരണം ചെയ്യുവാൻ ഈ സംവിധാനം വഴി സാധിക്കും.

13. പരാതി പോർട്ടൽ:

ലാൻഡ് റവന്യൂ വകുപ്പിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ചോ റവന്യൂ ഉദ്യോഗസ്ഥരെക്കുറിച്ചോ പരാതി ഉണ്ടെങ്കിൽ അത് ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

14. അലർട്ട് പോർട്ടൽ:

കേരള ഭൂമി സംരക്ഷണ നിയമം, കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് എന്നിവ പ്രകാരമുള്ള കയ്യേറ്റം, അനധികൃത മണൽ ഖനനം, സർക്കാർ ഭൂമിയിലെ മരം മുറിക്കൽ, അനധികൃത ധാതു ഖനനം, ക്വാറി ലംഘനം എന്നിവ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം.

15. VOMIS (Village Office Management Information System):

വില്ലേജ് ഓഫീസുകളിൽ നിന്നും ഓൺലൈൻ ആയും അല്ലാതെയും പൊതുജനങ്ങൾക്ക് നൽകുന്ന എല്ലാ സേവനങ്ങളും വില്ലേജ് ഓഫീസറുടെ ഔദ്യോഗിക കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ട് ചെയ്യുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും ക്രോഡീകരിച്ച് ഒരു പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റമാണ് VOMIS. ഇത് വഴി ഒരു വില്ലേജ് ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങളുടെ വ്യതിരിക്തത ജോലിഭാരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫലപ്രദമായി വിശകലനം ചെയ്ത് സർക്കാർ തലത്തിൽ തീരുമാനങ്ങൾ എടുക്കുന്നതിന് സാധിക്കുന്നു.

16. സർപ്രൈസ് ഇൻസ്പെക്ഷൻ മൊഡ്യൂൾ :

സർപ്രൈസ് ഇൻസ്പെക്ഷൻ മൊഡ്യൂൾ മുഖാന്തിരം ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്ക് (തഹസിൽദാർ/സീനിയർ സൂപ്രണ്ടിന് മുകളിൽ) വില്ലേജുകളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിനും ടി വില്ലേജിലെ വിവിധ പ്രശ്നങ്ങൾ, അപാകതകൾ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിനും സാധിക്കുന്നു. റിപ്പോർട്ട് ചെയ്യപ്പെടുന്ന അപാകതകൾ സമയ ബന്ധിതമായി പരിഹരിച്ചുകൊണ്ട് വില്ലേജുകളുടെ കാര്യക്ഷമതയും കൃത്യതയും പ്രകടനവും മെച്ചപ്പെടുത്താൻ

സാധിക്കുന്നു.

17. ഓൺലൈൻ ട്രാൻസ്ഫർ - ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം (എച്ച്ആർഎംഎസ്):

റവന്യൂ വകുപ്പിൽ നടപ്പിലാക്കിയ ഹ്യൂമൻ റിസോഴ്സ് മാനേജ്മെൻറ് സിസ്റ്റം (എച്ച്ആർഎംഎസ്) വകുപ്പിനുള്ളിലെ മാനവവിഭവശേഷി മാനേജ്മെന്റിൽ അവലോകനത്തിനും സവിശേഷമായ മാറ്റം സൃഷ്ടിച്ച ഓൺലൈൻ സംവിധാനമാണ്. ഈ നൂതന സംവിധാനം വകുപ്പിലെ വിവിധ എച്ച്ആർ പ്രക്രിയകൾ കാര്യക്ഷമമാക്കുകയും ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളുടെ വേഗതയും സുതാര്യതയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. സ്റ്റേഷൻ സീനിയോറിറ്റി ലിസ്റ്റ്, അപേക്ഷ സമർപ്പിക്കൽ മുതൽ അംഗീകാരവും നിർവ്വഹണവും വരെയുള്ള മുഴുവൻ ട്രാൻസ്ഫർ വർക്ക്ഫ്ലോയും HRMS ഓട്ടോമേറ്റ് ചെയ്യുന്നു. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട് അപേക്ഷകൾ അംഗീകാരത്തിനുമായി ബന്ധപ്പെട്ട അധികാരികളിലേക്ക് എത്തിക്കുന്നു. സ്ഥലംമാറ്റ പ്രവർത്തനങ്ങളുടെ സുതാര്യത HRMS വഴി വളരെയധികം വർധിപ്പിച്ചിട്ടുണ്ട്. ജീവനക്കാർക്ക് അവരുടെ ട്രാൻസ്ഫർ അപേക്ഷകളുടെ സ്റ്റാറ്റസ് ഏതു സമയവും പരിശോധിക്കുവാനും പുരോഗതി ട്രാക്ക് ചെയ്യാനും, ഹയർ ഓപ്ഷൻ റദ്ദ് ചെയ്യുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കും. അപേക്ഷാ ഫോമുകൾ, അനുബന്ധ രേഖകൾ, അംഗീകാര രേഖകൾ എന്നിവയുൾപ്പെടെ സ്ഥലമാറ്റ നടപടികളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളുടെയും കേന്ദ്രീകൃത ശേഖരമായി HRMS പ്രവർത്തിക്കുന്നു.

18. അസറ്റ് മാനേജ്മെൻ്റ് സിസ്റ്റം:

റവന്യൂ വകുപ്പിൽ ഡെസ്ക്ടോപ്പുകൾ, ലാപ്ടോപ്പുകൾ, സെർവറുകൾ മറ്റ് അനുബന്ധ കമ്പ്യൂട്ടിങ് ഉപകരണങ്ങൾ മുതലായ ഹാർഡ്‌വെയർ അസറ്റുകളുടെ കേന്ദ്രികൃത ഇൻവെൻ്ററി സംവിധാനമാണ് അസറ്റ് മാനേജ്മെന്റ് സിസ്റ്റം. ഹാർഡ്‌വെയർ അസറ്റുകളുടെ procurement മുതൽ disposal വരെയുള്ള പ്രവർത്തനങ്ങൾ ട്രാക്കുചെയ്യാനും നിരീക്ഷിക്കാനുമുള്ള സമഗ്രമായ പ്ലാറ്റ്ഫോമാണിത്. ഹാർഡ്‌വെയർ അസറ്റുകൾക്കായുള്ള മെയിൻറനൻസ് ഷെഡ്യൂളുകളും അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങളും, ഓരോ സാമ്പത്തിക വർഷത്തേയും പ്രൊക്യൂർമെന്റിനു വേണ്ടിയുള്ള ഗ്യാപ് അനാലിസിസ് എന്നിവ ഈ സിസ്റ്റം മുഖേനയാണ് നിലവിൽ കൈകാര്യം ചെയ്യുന്നത്. റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയറിനായുള്ള അസറ്റ് മാനേജ്മെന്റ്സിസ്റ്റം നടപ്പിലാക്കിയതിലൂടെ അസറ്റ് വിവരങ്ങൾ കേന്ദ്രീകൃതമാക്കുന്നതിനും ആസ്തി വിനിയോഗം കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

19. Grievances and Innovations മൊഡ്യൂൾ:

റവന്യൂ വകുപ്പിലെ ഇ-ഗവേണൻസ് പദ്ധതികളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുക, ഭരണപരമായ നടപടിക്രമങ്ങളെ ഗുണപരമായി പരിവർത്തനം ചെയ്യുക, സേവന വിതരണം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് Grievances and Innovations. ഇ-ഗവേണൻസ് പദ്ധതികൾ ഉപയോഗിക്കുമ്പോൾ ഉദ്യോഗസ്ഥർ നേരിടുന്ന ബുദ്ധിമുട്ടുകൾ, വെല്ലുവിളികൾ, സാങ്കേതിക പ്രശ്നങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിനും നവീന ആശയങ്ങൾ പങ്കിടുന്നതിനും ഈ പ്ലാറ്റ് ഫോമിലൂടെ സാധിക്കുന്നതാണ്.

20. വയൽ മൊഡ്യൂൾ:

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം പൂർവ്വസ്ഥിതിയിലാക്കേണ്ട ഇത്തരം ഭൂമിയിൽ നിന്നും നീക്കം ചെയ്യുന്ന മണ്ണ്, ആവശ്യക്കാർക്ക് കൃഷി ആവശ്യത്തിനും മറ്റും നിയമാനുസൃതം ലഭ്യമാക്കുന്നതിനും പര്യാപ്തമായ വിവര ശേഖരണം നടത്തുന്നതിനും തയ്യാറാക്കിയിട്ടുള്ള ഒരു ഓൺലൈൻ വിവരശേഖരണ സംവിധാനമാണ് വയൽ മൊഡ്യൂൾ. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008, വകുപ്പ് 13 പ്രകാരം ജില്ലാകളക്ടർമാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടേയും വിവരങ്ങൾ ക്രോഡീകരിക്കുവാനും ടി ഉത്തരവ് പ്രകാരം നീക്കം ചെയ്യപ്പെടുന്ന മണ്ണ് നിക്ഷേപിക്കുന്നതിന് അനുയോജ്യമായ പ്രദേശങ്ങൾ സംബന്ധിച്ച് വില്ലേജ് ഓഫീസർമാർ മുഖേന വിവരങ്ങൾ ശേഖരിക്കുവാനും ഈ സംവിധാനം മുഖേന നിലവിൽ സാധിക്കുന്നു.

21. സിംഗിൾ സൈൻ-ഓൺ സിസ്റ്റം:

റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന വിവിധ പോർട്ടലുകളിലേക്ക് ഒരൊറ്റ യൂസർ നെയിമും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുന്നതിന് സഹായിക്കുന്ന സംവിധാനമാണ് സിംഗിൾ സൈൻ-ഓൺ സിസ്റ്റം. റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന ഓരോ പോർട്ടലും സിംഗിൾ സൈൻ-ഓൺ സംവിധാനവുമായി സംയോജിപ്പിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് അവരുടെ 63 സെറ്റ് ക്രെഡൻഷ്യലുകൾ ഉപയോഗിച്ച് പരിചയ് പോർട്ടൽ മുഖേന റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവിധ പോർട്ടലുകൾ ആക്സസ് ചെയ്യുവാനും ഈ സംവിധാനം ഉപയോഗിച്ച് സാധിക്കുന്നു. ഈ സംവിധാനത്തിലൂടെ വിവിധ പോർട്ടലുകളിലേക്ക് ഉദ്യോഗസ്ഥർക്ക് ആവർത്തിച്ച് ലോഗിൻ ചെയ്യേണ്ടതിൻറെ ആവശ്യകത ഇല്ലാതാകുകയും സമയം ലാഭിക്കുകയും വർക്ക്ഫ്ലോ തടസ്സങ്ങൾ കുറയുകയും ചെയ്യുന്നു.

22. ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ്റ് സിസ്റ്റം (LAMS):

കേരളാ സംസ്ഥാനത്ത് പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കുന്നത് The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013) ൻറെ അടിസ്ഥാനത്തിലാണ്. നിർബന്ധിത ഏറ്റെടുക്കൽ മൂലം ഭൂഉടമകൾക്കും മറ്റു ബാധിക്കപ്പെട്ട കുടുംബങ്ങൾക്കും ബുദ്ധിമുട്ട് ഏറ്റവും കുറഞ്ഞ വിധത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനും ബാധിക്കപ്പെട്ട വ്യക്തികൾക്ക് പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും മതിയായ വ്യവസ്ഥകളുണ്ടാക്കുന്നതിനുമായിട്ടാണ് കേന്ദ്രം നിയമം പ്രസ്തുത നടപ്പിലാക്കിയിട്ടുള്ളത്.

ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർണ്ണമായി ഓൺലൈൻ ആക്കുന്നതിനും സുഗമമാക്കുന്നതിനുമായി സമഗ്രമായ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് 01/01/2021 ലെ GO(Rt) No. 10/2021/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലാൻഡ് റവന്യൂ കമ്മിഷണർക്ക് അംഗീകാരം നൽകി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ RFCTLARR Act 2013. Section 11(1) വരെയുള്ള മൊഡ്യൂൾ NIC വികസിപ്പിച്ചിട്ടുള്ളതും CERT-Kൽ നിന്നും Safe to Host Report ലഭ്യമാക്കി സ്റ്റേറ്റ് ഡാറ്റാ സെൻ്ററിൽ ഹോസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത മൊഡ്യൂളിന്റെ Section 19(1) വരെയുള്ള നടപടികളുടെ ഡെവലപമെൻ്റ് അന്തിമ ഘട്ടത്തിലാണ്.

23. വനഭൂമി വിവരശേഖരണം:

01-01-1977 ന മുൻപായി വനഭൂമിയിൽ കുടിയേറിയ നാളിതുവരെ പട്ടയം ലഭിക്കാത്ത കൈവശക്കാരുടെ വിവര ശേഖരണം നടത്തി ആയത് പ്രത്യകം സൂക്ഷിക്കാനായി (www.vivarasekharanam.kerala.gov.in) വിവരശേഖരണം' എന്ന ഒരു വെബ് അപ്ലിക്കേഷൻ തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിന് കെൽട്രോൺ (KELTRON Kerala State Electronics Development Corporation LTD.) സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിട്ടുള്ളതും അവരുമായി 8,26,000/-രൂപയുടെ ഒരു എഗ്രിമെന്റ്റ് ഒപ്പ് വച്ചിട്ടുള്ളതുമാണ്. ടി വെബ് പോർട്ടലിന്റെ ഡെവലപ്മെൻ്റ് ജോലി പൂർത്തീകരിച്ചിട്ടുള്ളതും ടെസ്റ്റ് സെക്യൂരിറ്റി ഓഡിറ്റ് നടപടികൾ പുരോഗമിച്ച് വരുന്നതുമാകുന്നു. അധികം വൈകാതെ തന്നെ ടി വെബ് പോർട്ടൽ എല്ലാ ഉദ്യോഗസ്ഥർക്കും ലഭ്യമാകുന്നതാകും.

24. സ്യൂട്ട് മോണിറ്ററിംഗ് സിസ്റ്റം (https://suit.revenue.kerala.gov.in):
റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി, ഹൈക്കോടതി ജില്ലാ കോടതി വിവധ സബ് കോടതികൾ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ പല ഘട്ടങ്ങളിലായി നിലവിലുണ്ട്. അവയുടെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ഗവൺമെൻ്റിന് വിധി അനുകൂലമായ സമ്പാദിക്കുന്നതിന് ഒരു കേന്ദ്രീകൃത പോർട്ടലിന്റെ ആവശ്യകതയുണ്ട്.. എൻ ഐ സി യുടെ സഹായത്തോടെ തയ്യാറാക്കിയ ടി പോർട്ടൽ 21/04/2025 മുതൽ പ്രവർത്തനസജ്ജമാണ്.
25. റവന്യൂ ഇൻസ്പെക്ഷൻ മാനേജ്മെൻ്റ് സിസ്റ്റം (https://rims.kerala.gov.in):
റവന്യൂ വകുപ്പിലെ ജില്ലാ കളക്ടേറ്റ്, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവ സമയബന്ധിതമായി പരിശോധിക്കേണ്ടത് കാര്യക്ഷമമായ അവയുടെ പ്രവർത്തനത്തിന് അത്യാവശ്യമാണ്. ഇതിലേക്ക് വെബ് അധിഷ്ഠിത മൊഡ്യൾ എൻ.ഐ.സി.യുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. ഇ മൊഡ്യൂളിലൂടെ മേലുദ്യോഗസ്ഥർക്ക് പരിശോധനാ റിപ്പോർട്ടുകൾ പരിശോധിക്കാനും അതിലൂടെ ഓഫീസിൻറെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും സാധിക്കുന്നു. ടി പോർട്ടൽ 10/04/2025 മുതൽ പ്രവർത്തന സജ്ജമാണ്.

26. Suveedhi (https://dmdsdrf.cdit.project.org):
സർക്കാരിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ടുമെൻറും റവന്യൂവും സംയുക്തമായി തയ്യാറാക്കുന്ന പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതുമായി ബന്ധപ്പെട്ട ഓൺലൈൻ മൊഡ്യൂൾ നിലവിൽ സ്റ്റേറ്റ് ഐ റ്റി സെൽ മുഖാന്തിരം സെക്യൂരിറ്റി ഓഡിറ്റ് പൂർത്തിയായിട്ടുള്ളതും ആയതിൻറെ റിലീസ് ഉടനെ പ്രതീക്ഷിക്കാവുന്നതുമാണ്.

27. ന്യൂ ജനറേഷൻ e-Pos Machine:
സംസ്ഥാനത്തെ വിവിധ വില്ലേജുകളിൽ നിലവിലുള്ള GPRS ePoS മെഷീനുകൾക്കു പകരം പുതിയ ആൻഡ്രോയിഡ് സംവിധാനത്തിലുള്ള സ്റ്റേറ്റ് ഓഫ് ദി ആർട്ട് e-PoS മെഷീനുകൾ ട്രഷറി /ഫെഡറൽ ബാങ്ക് മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രത്യേകമായി നവീകരിച്ചിട്ടുള്ള ടി ഇ -പോസ് മെഷീനിൽ നിന്നും തന്നെ OR code സംവിധാനം ഉപയോഗിച്ച് Digital Payment നടത്താൻ സാധിക്കുന്നു എന്നുള്ള സവിശേഷത കൂടി ഉണ്ട്.

28. ഇ-ഡിസ്ട്രിക്ട് :

വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതു വഴി പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

29. ഇലക്ട്രോണിക് മോർട്ട്ഗേജ് റെക്കോർഡർ :

ഭൂമി പണയപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പകളുടെ വിവരങ്ങൾ നിശ്ചിത ഫീസ് ഈടാക്കി റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ റെലിസിൽ രേഖപ്പെടുത്തുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് ഇലക്ട്രോണിക് മോർട്ട്ഗേജ് റിക്കോർഡർ (EMR). വായ്പയുടെ ബാധ്യത അതത് ലാൻഡ് പാർസലിൽ രേഖപ്പെടുത്തുന്നതിന്, രേഖപ്പെടുത്തിയ ബാദ്ധ്യത നീക്കം ചെയ്യുന്നതിനുള്ള സൗകര്യം ഈ സംവിധാനം മുഖേന ബാങ്കുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

30. ആർ.ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യ ക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റികിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്.  കളക്ട്രേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

31. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

32. റവന്യൂ ഇ-പെയ്മെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ -പെയ്മെൻ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

33. ആർ.ആർ. ഡിജിറ്റൽ പേയ്മെന്റ്

റവന്യൂ റിക്കവറി നിയമം, 1968 മുഖേന കുടിശ്ശികക്കാരിൽ നിന്നും റവന്യൂ ഇ — പെയ്മെന്റ് വഴി വില്ലേജ് ഓഫീസിൽ സ്വീകരിക്കുന്ന കുടിശ്ശികത്തുകയിൽ സർക്കാർ കുടിശ്ശിക ഒഴികെയുള്ളവ നിലവിൽ അതത് അർത്ഥനാധികാരികളുടെ പേരിൽ ബാങ്ക് ഡ്രാഫ്റ്റായോ ബാങ്ക് അക്കൌണ്ടിൽ നേരിട്ടോ ഒടുക്കുകയാണ് ചെയ്യുന്നത്. വില്ലേജ് ജീവനക്കാരുടെ വളരെയധികം പ്രവർത്തനസമയവും അദ്ധ്വാനവും അപഹരിക്കുന്ന ഈ പ്രവൃത്തി ലഘൂകരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ താലൂക്ക് തഹസിൽദാർമാരുടേയും പേരിൽ അതത് ട്രഷറികളിൽ സ്പെഷ്യൽ റ്റി എസ് ബി അക്കൌണ്ടുകൾ ആരംഭിക്കുകയും വില്ലേജുകളിൽ സ്വീകരിക്കുന്ന സർക്കാർകുടിശ്ശിക ഒഴികെയുള്ള കുടിശ്ശികത്തുകകൾ പ്രസ്തുത റ്റി എസ് ബി അക്കൌണ്ടിൽ നിന്നും അർത്ഥനാധികാരികൾ നിർദ്ദേശിച്ചിട്ടുള്ള അക്കൌണ്ടുകളിലേക്ക് കേന്ദ്രീകൃതമായി DBT ആയി കൈമാറുന്നതിനുള്ള റവന്യൂ റിക്കവറി — ഡിജിറ്റൽ പെയ്മെന്റ് സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. ആയത് സംസ്ഥാനത്തിലെ എല്ലാ വില്ലേജ് ഓഫീസുകളിലും വലിയ രീതിയിൽ തന്നെ ജോലിഭാരം ഒഴിവാക്കുന്നതിന് സാധിക്കുന്നതാണ്.

റവന്യൂ റിക്കവറിയിലെ ഡിജിറ്റൽ പേയ്മെൻ്റുകളിൽ ശക്തമായ ഒരു ഷിഫ്റ്റ് കൊണ്ടുവരുന്നു. മാനുവൽ ജോലി കുറയ്ക്കുകയും ശരിയായ അധികാരികളിലേക്കുള്ള കൈമാറ്റം വേഗത്തിലാക്കുകയും ചെയ്യുന്നു. ഡിമാൻഡ് ഡ്രാഫ്റ്റുകൾക്കായി വില്ലേജ് ഓഫീസർമാർ ഇനി ബാങ്കുകൾ സന്ദർശിക്കേണ്ടതില്ലാത്തതും, ബാങ്ക് ജീവനക്കാർ അവ പ്രോസസ്സ് ചെയ്യുന്നത് ഒഴിവാക്കുന്നതുമാകുന്നു. തഹസിൽദാർമാർ ഡ്രാഫ്റ്റുകൾ ഏകീകരിക്കുന്നതും കത്തുകൾ എഴുതുന്നതും,, അതേസമയം ഡെസ്പാച്ച് ടീമിനെ ആശയവിനിമയങ്ങൾ അയക്കുന്നതിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുന്നു. ബാങ്ക് മാനേജർമാർ സ്വീകരിക്കുന്ന ഓഫീസുകളിൽ ഡ്രാഫ്റ്റുകൾ വീണ്ടും ക്രോഡീകരിക്കേണ്ടതില്ലാത്തതും ആകുന്നു. എല്ലാറ്റിനും ഉപരിയായി, ഒരു മാസം നീണ്ടുനിൽക്കുന്ന മാനുവൽ പ്രക്രിയയ്ക്ക് പകരം 1-2 ദിവസത്തിനുള്ളിൽ ഫണ്ടുകൾ കൈമാറുന്നു.

34. റവന്യൂ വകുപ്പിൽ www.revenue.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന നൽകി വരുന്ന സേവനങ്ങൾ (ഓൺലൈൻ ഭൂ നികുതി, കെട്ടിട നികുതി, അധിക നികുതി, തരം മാറ്റം മുതലായവ) താഴെ പറയുന്ന 10 വിദേശ രാജ്യങ്ങളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

(a) U.K.

(b) U.S.A.

(c) കാനഡ

(d) സിങ്കപ്പൂർ

(e) സൗദി അറേബ്യ

(f) U.A.E.

(g) ഒമാൻ

(h) Qatar

(i) കുവൈറ്റ്

(j) ബഹറിൻ

35. Any Land Search:

റവന്യൂ വകുപ്പിലെ ഭൂമി സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്തു വരുന്നത് https://revenue.kerala.gov.in/ എന്ന വെബ് അപ്ലിക്കേഷൻ വഴിയാണ്. ആയതിൽ പൊതുജനങ്ങൾക്ക് ലോഗിൻ ചെയ്യാതെ തന്നെ ഏതൊരു ഭൂമിയെയും സംബന്ധിച്ച വിവരങ്ങൾ സേർച്ച് ചെയ്ത് കണ്ടെത്തുന്നതിനുള്ള സൗകര്യം EoDB – SBRAP-ന്റെ ഭാഗമായി ReLIS പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

36. KBT Appeal

1975-ലെ കേരള ബിൽഡിംഗ് ടാക്സ് ആക്ട് പ്രകാരം, കെട്ടിടങ്ങൾക്ക് ബാധകമായ ഒറ്റത്തവണ നികുതി, അധിക നികുതി എന്നിവ ഈടാക്കുന്നതിനും പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുന്നതിനും ഓൺലൈനായി നികുതിദായകർക്ക് നികുതി ഒടുക്ക് വരുത്തുന്നതിനുമുള്ള സംവിധാനം നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം, KBT അപ്പീൽ ഓൺലൈനായി പ്രോസസ്സ് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. ആയതു സംസ്ഥാനം ഒട്ടാകെ നടപ്പിൽ വരുത്തുന്നതിന് സജ്ജമാണ്. ആയതു പ്രകാരം, പൊതുജനങ്ങൾക്ക് സ്വന്തമായിത്തന്നെ ഓൺലൈൻ ആയി അപ്പീൽ നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. അപ്പീലുമായി ബന്ധപ്പെട്ട ഫീസ് ഓൺലൈൻ ആയി തന്നെ ഒടുക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ടി പോർട്ടൽ വഴി ഹിയറിങ് തീരുമാനിക്കുന്നതിനും, ഹിയറിങ് നോട്ടീസ് ഓൺലൈൻ ആയി തന്നെ തയ്യാറാക്കി സെർവ് ചെയ്യുന്നതിനും ഉള്ള ക്രമീകരണം നടത്തിയിട്ടുണ്ട്. അപ്പീൽ കക്ഷികൾക്ക് നേരിട്ട് ഫോണിൽ സന്ദേശം ലഭിക്കുന്ന ക്രമീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്പീൽ ഓർഡർ ഓൺലൈൻ ആയി തന്നെ തഹസിൽദാർ കാര്യാലയത്തിൽ ലഭ്യമാകുന്ന ക്രമീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

37. Business user login using Permanent Account Number (PAN)

റവന്യൂ വകുപ്പിലെ ഭൂമി സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്തു വരുന്നത് https://revenue.kerala.gov.in/ എന്ന വെബ് അപ്ലിക്കേഷൻ വഴിയാണ്. ആയതിൽ തരം മാറ്റം അപേക്ഷകൾ സമർപ്പിക്കുന്നതിനായി ടി പോർട്ടലിൽ ലോഗിൻ ചെയ്യേണ്ടതായിട്ടുണ്ട്. നിലവിൽ പൊതുജനങ്ങൾക്ക് മൊബൈൽ നമ്പർ വഴി ലോഗിൻ ചെയ്യുന്ന സൗകര്യം മാത്രമാണ് ഉള്ളത്. എന്നാൽ കേരള സംസ്ഥാനത്തിലെ ബിസിനസ് ചെയ്യുന്നതിനുള്ള പശ്ചാത്തലം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി K-SWIFT പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു ബിസിനസ്സ് യൂസർക്കും തന്റെ മൊബൈൽ നമ്പർ ലോഗിൻ സൗകര്യത്തോടൊപ്പം, Permanent Account Number (PAN) ഉപയോഗിച്ച് കൊണ്ട് https://revenue.kerala.gov.in/ പോർട്ടലിൽ ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.